## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2485      23/01/2014-ൽ മറുപടിക്ക്

### ആദിവാസികൾക്ക് ആരോഗ്യ ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. സി.പി. മുഹമ്മദ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിൽ ഊരുകൂട്ടങ്ങൾ വഴിയും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേനയും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആരോഗ്യ പരിപാലന ബോധവൽക്കരണവും പ്രതിരോധ മരുന്നുകളുടെ വിതരണവും നടത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഓഫീസർമാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ മേഖലകളിൽ എത്തി ആവശ്യമായ ബോധവൽക്കരണവും പ്രാഥമിക ആരോഗ്യ ചികിത്സാ കേന്ദ്രങ്ങൾ വഴി മരുന്ന വിതരണവും നടത്തി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് മതിയായ പരിശീലനം നൽകി സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർമാരായി നിയോഗിക്കുകയും ഇവർ വഴി സഹപാഠികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇല്ല.<br>ബാധകമല്ല. |
| (സി) | എന്തെല്ലാം പരിശീലനങ്ങളാണ് പ്രൊമോട്ടർമാർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ മേഖലകളിൽ നിയമിക്കപ്പെടുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് വ്യക്തിത്വ വികസനം, നേതൃത്വ പാടവം, നിയമപരിരക്ഷ, ഭൂനിയമങ്ങൾ, അതിക്രമ നിരോധന നിയമം, വിവരാവകാശ നിയമം, പ്രൊമോട്ടർമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും, വനാവകാശ നിയമം, ആരോഗ്യകരമായ ജീവിത ശീലങ്ങൾ, വ്യക്തി ശുചിത്വം, മദ്യം മയക്കുമരുന്ന് ഇവയുടെ ദൂഷ്യം, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, ത്രിതല പഞ്ചായത്ത് പദ്ധതി ആസൂത്രണങ്ങൾ എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകാറുള്ളത്. സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർമാർക്ക് ആലപ്പുഴ മെഡിക്കൽ കോളേജ് വഴി 5 ദിവസത്തെ വിദഗ്ധ പരിശീലനം നൽകിയിരുന്നു. |
| (ഡി) | പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ? | (ഡി) | 18 നും 45 നും ഇടയിൽ പ്രായമുള്ള സേവന സന്നദ്ധരായ പട്ടികവർഗ്ഗ യുവതി യുവാക്കളെയാണ് പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നത്. ഇവരുടെ സേവന കാലാവധി ഒരു വർഷം ആണ്. ഇതിനായി ഓരോ വർഷവും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിച്ച് യോഗ്യരായവരെ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർമാരായി ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ/ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പഠനത്തിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും മികവു പുലർത്തുന്ന വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്. |

R. [signature]

**സെക്ഷൻ ഓഫീസർ**